## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ദൈവവചനത്തിൽ ഗ്രാഹ്യം ഉണ്ടായിരിക്കുക എന്നുള്ളതു തന്നെ. ഏത് ദുരുപദേശം വന്നാലും അതിന്റെ പിന്നാലെ പോകുന്ന പലരെയും ഇന്നു കാണുവാൻ സാധിക്കും. അവർ ഒടുവിൽ നാശത്തിന്റെ പടുകുഴിയിൽ പതിക്കുകയും ചെയ്യുന്നു. ദൈവവചനം പരിശോധിക്കുവാനും പഠിക്കുവാനും തയ്യാറാകത്തതാണ് എല്ലാ വിധ നാശത്തിന്റെയും പ്രധാന കാരണം. ഏതുവിധേനയും നമ്മെ തകർക്കുന്നതിന് എല്ലാ വിധ തന്ത്രങ്ങളും പ്രവൃത്തിച്ചുകൊണ്ട് ഓടി നടക്കുന്ന സാത്താനെ ജയിച്ച് പോകുവാൻ ഇടയാകണമെങ്കിൽ ദൈവവചനം നാം ശരിയായി പഠിച്ചിരിക്കേണ്ടതാവശ്യമാണ്. നമ്മുടെ ജീവിതത്തിൽ ദൈവവചനത്തിന് പ്രാധാന്യം കൊടുക്കുന്ന പ്രകാരം തന്നെ നമ്മുടെ ശുശ്രൂഷകളിലും ആരാനകളിലും ദൈവവചനത്തിന് അതിന്റേതായ പ്രാധാന്യം കൊടുക്കേണ്ടതാണ്. ദൈവവചനത്തിന് പകരം വയ്ക്കാവുന്നതായി മറ്റൊന്നും ഇല്ലാതെ പ്രകാരം തന്നെ, ദൈവവചനത്തിന്റെ ശുശ്രൂഷയ്ക്കു പകരം വയ്ക്കാവുന്നതായി മറ്റൊന്നുമില്ല. അന്ത്യകാലത്ത് കെട്ടുകഥകളിലേക്കും കിഴവി കഥകളിലേക്കും മനുഷ്യൻ ശ്രദ്ധ തിരിക്കുമെന്ന് വചനം പറയുന്നു. കേൾവികാർക്ക് ആത്മീയമായി യാതൊരു പ്രയോജനവും ചെയ്യാത്തതും ജനത്തെ രസിപ്പിക്കുവാൻ മാത്രം ഉതകുന്നതുമായ കഥകളാൽ നിറഞ്ഞ പ്രസംഗങ്ങൾ കൊണ്ട് ഇന്ന് പല പ്രസംഗപീഠങ്ങളും നിറഞ്ഞിരിക്കുകയാണ്. ഈ വിധ വിഷയത്തിനെതിരായി നാം ജാഗരൂകരായിരിക്കേണ്ടതാണ്. മറേറ ഏതെങ്കിലും വിഷയം, അതെത്ര പ്രാധാനമെന്നു തോന്നിയാലും അവ പ്രസംഗിക്കുവാനല്ല, ദൈവവചനം പ്രസംഗിക്കുവാനാണ് ദൈവം നമ്മെ നിയോഗിച്ചിരിക്കുന്നത്. അതിൽ തന്നെ നാം ഉറച്ചു നിൽക്കേണ്ടതുമാണ്. ആത്മീയത സ്പർശിച്ചിട്ടുപോലുമില്ലാത്ത ശുശ്രൂഷകൾ ക്രിസ്തീയ മണ്ഡലത്തിന്റെ ഒരു രംഗത്തു നടക്കുമ്പോൾ, മറുഭാഗത്ത് ദൈവവചനത്തിന് പ്രാധാന്യം കൊടുക്കതെ, ഉണർവ്വ് എന്നു സങ്കല്പിച്ചിരിക്കുന്ന ചില ഇളക്കപെരുമാററങ്ങൾക്ക് മററു ചിലർ പ്രാധാന്യം കൊടുക്കുന്നത്. ഇത് രണ്ടും ഒരുപോലെ അപകടമാണ്. എന്നാൽ ദൈവവചനം പഠിക്കുന്നതിലും പഠിപ്പിക്കുന്നതിലും മാത്രം ശ്രദ്ധ പതിപ്പിച്ച് എപ്പോഴും പച്ചപുല്ലിൽ മാത്രം കിടക്കുവാൻ ശ്രമിക്കുന്നുണ്ട്. അതും അപകടകരമാണ്. പച്ചപുല്ല് തിന്നേണ്ടതിന് അത്യാവശ്യമായിരിക്കുന്ന പ്രകാരം സ്വസ്ഥതയുള്ള വെള്ളത്തിൽ നിന്നും കുടിക്കേണ്ടതും ആവശ്യമാണ്. ഇടയൻ ഒരുക്കിയിരിക്കുന്ന പച്ചപുല്ല് തിന്നുകഴിഞ്ഞാലുടനെ ആ ഇടയൻ തന്നെ ഒരുക്കിയിരിക്കുന്ന ജലവും കുടിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഭക്ഷണം കഴിഞ്ഞാലുടനെ, വെള്ളം കുടിക്കാൻ ശ്രമിക്കാത്തവർ അനേകരുണ്ട്. അവർ കുടിക്കുന്നില്ലെന്നു മാത്രമല്ല, അതിന്റെ ആവശ്യമില്ലെന്നു പഠിപ്പിക്കുകയും ചെയ്യുന്നു. ദൈവവചനം പഠിക്കണം, എത്രയും പഠിക്കാമോ അത്രയും പഠിക്കേണം.

തുടരും...